**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4768** **20-07-2022 - ൽ മറുപടിയ്ക്ക്**

**നീലേശ്വരം-ഏടത്തോട് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ നീലേശ്വരം-ഏടത്തോട് റോഡ് നവീകരണ പ്രവൃത്തി പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം കാരണത്താലാണ് പൂർത്തിയാക്കാത്തതെന്നും കാലതാമസത്തിന് കാരണക്കാരായവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ മണ്ഡലങ്ങളിൽ കൂടി കടന്നു പോകുന്ന 13.125 കി.മീ ദൈർഘ്യമുള്ള നീലേശ്വരം - ഏടത്തോട് റോഡ് പ്രവൃത്തി 28/02/2019-ൽ കരാറിൽ ഏർപ്പെട്ടു. പൂർത്തീകരണ കാലാവധി 18 മാസം ആയിരുന്നു. പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസത്തിനുള്ള കാരണങ്ങൾ താഴെ പറയുന്നു.<br><br>പ്രവൃത്തിയുടെ പുരോഗതി കുറവായതിനാലും കിഫ്ബിയുടെ പരിശോധന മെമ്മോകളിലെ നിർദ്ദേശങ്ങൾക്ക് കരാറുകാരൻ യഥാസമയം നടപടികൾ സ്വീകരിക്കാത്തതിനാലും 17/12/2020-തീയതിയിലെ കിഫ്ബിയുടെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തി നിർത്തിവച്ചിരുന്നു. പിന്നീട് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 30/10/2021 തീയതിയിൽ പ്രവൃത്തി പുനരാരംഭിക്കുവാൻ കിഫ്ബി അനുമതി നൽകുകയും ചെയ്തു. പ്രസ്തുത റോഡിൽ കി.മീ.0/000 (കോൺവെന്റ് ജംഗ്ഷൻ) മുതൽ 1/350 (താലൂക്ക് ആശുപത്രി) വരെയുള്ള ഭാഗത്ത് റോഡ് വീതി കൂട്ടുന്നതിനുള്ള സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. കിഫ്ബിയുടെ 01-08-2019 തീയതിയിലെ പരിശോധനാ മെമ്മോയിൽ ക്യാരേജ് വേയുടെ വീതി 5.5 മീറ്ററിൽ നിന്നും ഇരുവശങ്ങളിലും 0.75 മീറ്റർ പേവ്ഡ് ഷോൾഡർ കൂടി ഉൾപ്പെടുത്തി നവീകരിക്കാൻ നിർദ്ദേശിച്ചു. ആയതിനാൽ മാറ്റേണ്ട ഇലക്ട്രിക്ക് പോസ്റ്റുകളുടെ എണ്ണവും, മുറിക്കേണ്ട മരങ്ങളുടെ എണ്ണവും കൂടുകയും ആവശ്യമായ നടപടികളിൽ കാലതാമസം നേരിടുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റിയുടെയും ജലനിധിയുടെയും പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസം ഉണ്ടായി. പ്രവൃത്തി നിലവിൽ 45% |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി ആകെയുള്ള 13.125 കിലോമീറ്ററിൽ 7.20 കി.മീ (2/540 to 2/710 - പാലായി റോഡ് ജംഗ്ഷൻ, 4/730 to 7/520 - പി.കെ.രാജൻ മെമ്മോറിയൽ യുണിവേഴ്സിറ്റി ക്യാംപസ് മുതൽ നരിമാളം വരെ, 8/340 to 12/630 - ചോയ്യാംകോഡ് മുതൽ ചുവക്കല്ല് വരെ) ഭാഗത്തെ DBM പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെയും ഡ്രൈനേജിന്റേയും പാർശ്വഭിത്തികളുടെ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | മലയോര മേഖലയിലേക്കുള്ള ഏറ്റവും പ്രധാന പാത എന്ന പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | മലയോര മേഖലയിലേക്കുള്ള ഏറ്റവും പ്രധാന പാത എന്ന പ്രാധാന്യം കണക്കിലെടുത്ത് കാലതാമസം ഒഴിവാക്കാനായി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ 45% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ